**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5507** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഒപ്റ്റോമെട്രിസ്റ്റുകളുടെ അധിക തസ്തിക സൃഷ്ടിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യവകുപ്പിന് കീഴിൽ അന്ധതാ നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എത്ര വിഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത വിഷൻ സെന്ററുകളിൽ പ്രാഥമിക നേത്ര പരിശോധകരായ ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമാണോ; എങ്കിൽ ഓരോ വിഷൻ സെന്ററിലുമുള്ള പ്രസ്തുത ജീവനക്കാരുടെ എണ്ണം അറിയിക്കാമോ; | (എ) | സംസ്ഥാനമൊട്ടാകെ നിലവിൽ പ്രാഥമികാരോഗ്യകേന്ദ്രം, സാമൂഹികാരോഗ്യകേന്ദ്രം, കുടുംബാരോഗ്യകേന്ദ്രം എന്നിവയിൽ 317 വിഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ഒപ്റ്റോമെട്രിസ്റ്റ് തസ്തിക വിഷൻ സെന്ററുകളിൽ നിലവിൽ ഇല്ല. പ്രാഥമികാരോഗ്യകേന്ദ്രം, കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ അനുവദിച്ചിട്ടില്ല. എന്നാൽ ഈ വിഷൻ സെന്ററുകൾ ഉൾപ്പെടുന്ന സാമൂഹികാരോഗ്യകേന്ദ്രങ്ങളിലെ ഒപ്റ്റോമെട്രിസ്റ്റുകൾ ആഴ്ചയിൽ ഒരു ദിവസം വിഷൻ സെന്ററുകളിൽ സേവനം നൽകി വരുന്നു. 200 ഒപ്റ്റോമെട്രിസ്റ്റുകൾ 317 വിഷൻ സെന്ററുകളിൽ സേവനം നൽകി വരുന്നു. |
| (ബി) | ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമല്ലാത്ത വിഷൻ സെന്ററുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; രോഗികളുടെ വർദ്ധനവിനനുസരിച്ച് ആവശ്യമായ ഒപ്റ്റോമെട്രിക് അസിസ്റ്റന്റുമാരുടെ അധിക തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ